# കേരള സർക്കാർ

നം.29491/ഡി.ബി.1/2009/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്
തിരുവനന്തപുരം, തീയതി: 21.05.2009

## സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ വകുപ്പ് - എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി - 2009-10 വാർഷിക പദ്ധതിയിൽ വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച്

സൂചന:- 1) 19.08.2008-ലെ (എം.എസ്) 226/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2) 17.02.2009-ലെ (സാധാ) 396/2009/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3) 03.03.2009-ലെ 14832/ഡി.ബി.1/2009/തസ്വഭവ നമ്പർ സർക്കുലർ

എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പ്രകാരം വാസയോഗ്യമല്ലാത്ത ലക്ഷം വീടുകൾ പുനർനിർമ്മിക്കുവാൻ 2008-09-ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വിഹിതം ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2008-09 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ 2009-10 വാർഷിക പദ്ധതിയിൽ വിഹിതം വകയിരുത്തുന്നതാണെന്ന് തീരുമാനമെടുത്ത് അറിയിക്കുകയാണെങ്കിൽ സംസ്ഥാന വിഹിതം 2008-09-ൽ തന്നെ അനുവദിക്കുന്നതാണെന്ന് സൂചന രണ്ട് പ്രകാരം ഉത്തരവായിരുന്നു. അതുപ്രകാരം തീരുമാനമെടുത്ത് അറിയിച്ച വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി ഭവന നിർമ്മാണ ബോർഡ് 949.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനവിഹിതം ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ 2009-10 വാർഷിക പദ്ധതിയിൽ ആനുപാതികമായ വിഹിതം വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ഈ വിഷയം സംബന്ധിച്ച് സർക്കാർ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതിക്ക് 2008-09-ൽ വിഹിതം വകയിരുത്താൻ കഴിയുകയില്ലെന്നും ആ വിഹിതം കൂടി 2009-10-ൽ വകയിരുത്തുന്നതാണെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2008-09-ൽ തന്നെ സംസ്ഥാന വിഹിതം അനുവദിച്ചു നൽകിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും അനുവദിച്ച വിഹിതത്തിന്റെയും വിവരങ്ങൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ബന്ധപ്പെട്ട ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളെയും ജില്ലാ ആസൂത്രണ സമിതികളെയും അറിയിക്കുന്നതാണ്. ആ തദ്ദേശഭരണ സ്ഥാപനങ്ങൾ 2009-10 വാർഷിക പദ്ധതിയിൽ നിശ്ചിത വിഹിതം വകയിരുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾ 2009-10 വാർഷിക പദ്ധതി പരിശോധിച്ച് അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതികൾക്ക് ശുപാർശ നൽകാൻ പാടുള്ളൂ. ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിശ്ചിത വിഹിതം വകയിരുത്തിയിട്ടുണ്ടെന്ന് വാർഷിക പദ്ധതി അംഗീകാര സമയത്ത് ജില്ലാ ആസൂത്രണ സമിതികളും ഉറപ്പു വരുത്തേണ്ടതാണ്.

എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ലക്ഷം വീടുകളുടെ വിലയിരുത്തൽ നടത്തി നിശ്ചിത ഫോറത്തിൽ വിവരശേഖരം തയ്യാറാക്കണമെന്നും അപ്രകാരം തയ്യാറാക്കുന്ന വിവരശേഖരത്തിന്റെ അടിസ്ഥാനത്തിൽ 2009-10 മുതൽ ഓരോ വർഷവും പുനർനിർമ്മിക്കേണ്ട വീടുകളുടെ ഭൗതിക ലക്ഷ്യം നിശ്ചയിക്കുമെന്നുമാണ് സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ച മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ വിവരശേഖരത്തിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ

ബോർഡ് 2009-10-ലെ ഭൗതിക ലക്ഷ്യം നിശ്ചയിച്ച് അറിയിക്കുന്നതാണ്. ആ ഭൗതിക ലക്ഷ്യത്തിന് ആനുപാതികമായ വിഹിതം വകയിരുത്തിയ പ്രോജക്ട് ബന്ധപ്പെട്ട സ്ഥാപനങ്ങൾ 2009-10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ടതുമാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
10 പഞ്ചായത്ത് ഡയറക്ടർ
11 ഗ്രാമവികസന കമ്മീഷണർ
12 നഗരകാര്യ ഡയറക്ടർ
13 കമ്മീഷണർ ആന്റ് സെക്രട്ടറി, കേരള സംസ്ഥാന ഭവനിർമ്മാണ ബോർഡ്
14 മുഖ്യ നഗരാസൂത്രകൻ
15 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
16 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
18 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
20 എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
21 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
28 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
33 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശസ്വയംഭരണ ഡി.എ/ ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
5. ഓഫീസ് കോപ്പി/കരുതൽ ഫയൽ